Dr. Abraham Mar Seraphim
Metropolitan

മലങ്കര ഓർത്തഡോക്സ്
സുറിയാനി സഭ

Bangalore Diocese

C. No. 11/2011

നമ്മുടെ ഭദ്രാസനത്തിലെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹവികാരിമാരും, പള്ളി കൈക്കാരന്മാരും, ഭരണസമിതി അംഗങ്ങളും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

നമ്മുടെ ബാംഗളൂർ ഭദ്രാസനത്തിന്റെ വാർഷിക പൊതുയോഗം നമ്മുടെ സി. നം. 10/2011 കൽപന പ്രകാരം, 2011 ജൂലൈ മാസം 14-ാം തീയതി വ്യാഴാഴ്ച, ബാംഗളൂർ ഇന്ദിരാനഗർ സെയിന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് നമ്മുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ഭദ്രാസനത്തിലെ മിക്ക എല്ലാ പള്ളികളിൽ നിന്നും വൈദീകരും ആത്മായ പ്രതിനിധികളും യോഗത്തിൽ സംബന്ധിച്ചു. പൊതുയോഗ തീരുമാനങ്ങൾ ഈ കൽപനയിലൂടെ നിങ്ങളെ അറിയിക്കുന്നതിൽ സന്തോഷമുണ്ട്. 2010-11 ലെ വാർഷിക റിപ്പോർട്ട് പൊതുയോഗം അംഗീകരിക്കുകയും, ഓഡിറ്റ് ചെയ്ത വരവ് ചിലവ് കണക്കുകൾ പാസ്സാക്കുകയും ചെയ്തു. ഭദ്രാസനത്തിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന ഏലൂരു ആന്ധ്രമിഷ്യൻ, ഹൈദ്രാബാദ് രാമഗുണ്ടം സെയിന്റ് പോൾസ് ഹൈസ്കൂൾ എന്നീ സ്ഥാപനങ്ങളുടെ വരവ് ചിലവ് കണക്കുകളും, പ: ബാവ തിരുമേനിയുടെ സ്വീകരണത്തിന്റെ വരവ് ചിലവ് കണക്കുകളും പൊതുയോഗം അംഗീകരിച്ചു.

2011-12 ലേക്കുള്ള 5,73,5000 രൂപാ വരവും 5,89,25000 രൂപാ ചിലവും പ്രതീക്ഷിക്കുന്ന ബഡ്ജറ്റും യോഗം അംഗീകരിച്ചു. ബാംഗളൂരിൽ നിന്നും ഏകദേശം 35 കി.മീ. അകലെ മാലൂരിൽ, ഭദ്രാസന വികസന പ്രവർത്തനങ്ങൾക്കായി 12 ഏക്കർ സ്ഥലവും, ദൊഡ്ഡഗുബ്ബിയിൽ അരമനയ്ക്കായി ലഭിച്ചിരിക്കുന്ന പ്രോപ്പർട്ടിയോട് ചേർന്നുകിടക്കുന്ന, 50 സെന്റ് സ്ഥലവും വാങ്ങിക്കുന്നതിനു ഭദ്രാസന പൊതുയോഗം തീരുമാനിച്ചു. ദൊഡ്ഡഗുബ്ബിയിലെ കെട്ടിടത്തിനു മുകളിലത്തെ നില കൂടിപണിയുന്നതിനും, ഭദ്രാസന മെത്രാപ്പോലീത്തായുടെ താമസം അവിടേക്കു മാറ്റുന്നതിനും, ഭദ്രാസനത്തിനു ഒരു കാർ വാങ്ങിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. ഒരു ഭദ്രാസന ട്രസ്റ്റ് രൂപീകരിക്കുന്നതിനു നിശ്ചയിക്കുകയും കൂടാതെ ഒരു സോസൈറ്റി ഫോം ചെയ്യുന്നതിനു ഭദ്രാസന കൗൺസിലിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

ഭദ്രാസനത്തിലെ വൈദീകർക്ക് നൽകിവരുന്ന ക്ഷാമബത്ത 5% വർദ്ധിപ്പിക്കുകയും ജൂലൈ മാസം മുതൽ അത് പ്രാബല്ല്യത്തിൽ വരുത്തുന്നതിനു നിശ്ചയിക്കുകയും ചെയ്തു. എന്നാൽ ഇടവകകളുടെ ശംബള കോട്ടായിൽ നേരിയ വർദ്ധനവ് വരുത്താതെ അതു നടപ്പിലാക്കുവാൻ സാധിക്കാത്തതിനാൽ ആഇടവകയുടെ ശംബളകോട്ടാ .....രൂപായിൽനിന്നും. .....രൂപായായി ഉയർത്തിയിരിക്കുന്നു. ജൂലൈമാസത്തിലെ കൂടിശ്ശികയും, പുതുക്കിയകോട്ടായും ഭദ്രാസന ഓഫീസിലേക്കു അയച്ചു കൊടുക്കേണ്ടതാണ്.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ ഏവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ബാംഗളൂർ അരമനയിൽ നിന്നും,
ജൂലൈ 17 2011

ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത

1st Main, 4th Block, HBR Layout, Kalyan Nagar P.O., Bangalore - 560 043. Tel : 080-2544 0234
Email : metropolitan@bangaloreorthodoxdiocese.org